# ജനകീയ സമരങ്ങൾ തെരഞ്ഞെടുപ്പ് നിലപാട് വ്യക്തമാകുന്നു.



## പ്ലാച്ചിമട

പ്ലാച്ചിമട സമരം 2500 ദിവസം പിന്നിട്ടിട്ടും സമര ഉന്നയിച്ച ആവശ്യങ്ങളൊന്നും പരിഗണിക്കാൻ മാറിവന്ന വലത് -ഇടത് സർക്കാരുകൾക്ക് സാധിക്കാത്തതിനാലും പ്ലാച്ചിമട സമരത്തെ എല്ലാ മുഖ്യാധാരാ പാർട്ടികളും രാഷ്ട്രീയപരമായി പരിരക്ഷിച്ചതിനാലും ഈ തിരഞ്ഞെടുപ്പിൽ ആരുടെയും പക്ഷം ചേരാത്ത സ്വതന്ത്രനിലപാടാണ് പ്ലാച്ചിമട സമരസമിതി എടുത്തിരിക്കുന്നത്. രാഷ്ട്രീയ മുതലെടുപ്പുകൾ നടത്തിയ ശേഷം സമരത്തെ പൂർണ്ണമായും ഉപേക്ഷിച്ചഇടതുപക്ഷത്തിനോടും നിഷ്ക്രിയമായ വലതുമുന്നണിയോടും പ്ലാച്ചിമട ഉന്നയിച്ച ആവശ്യങ്ങൾക്ക് പരിഹാരം കാണാത്തതിനാൽ സമാനനിലപാടാണ് സമരക്കാർ സ്വീകരിച്ചിരിക്കുന്നത്. ദുരിതമനുഭവിച്ച പ്ലാച്ചിമട നിവാസികൾക്ക് നഷ്ടപരിഹാരം നൽകണമെന്നത്.സമരത്തിന്റെ പ്രധാനആവശ്യങ്ങളിൽ ഒന്നാണ്. അത് കണക്കിലാക്കുന്നതിനായി ദൂഗർഭജലവകുപ്പ് ശുപാർശ ചെയ്ത ഉന്നത അധികാര സമിതിയെ നിയമിക്കുന്നതിൽ കാലതാമസം വരുത്തി സർക്കാർ വലിയ അനാസ്ഥയാണ് സമരത്തോട് കാണിച്ചിരിക്കുന്നത്. കൊക്കക്കോള ഇന്ത്യൻ ഫൗണ്ടേഷന്റെ പദേശക സമിതി അംഗമായ ശശി തരൂർ യു.ഡി.എഫ് സ്ഥാനാർത്ഥിയാകുകയും പ്ലാച്ചിമട സമരത്തിനെ തരൂർ അധിക്ഷേപിക്കുകയും ചെയ്തതിനെതിരെ സമരപ്രവർത്തകർ ശക്തമായി രംഗത്തെത്തിയിട്ടുണ്ട്. ബഹുരാഷ്ട്ര കുത്തകകളുടെ ഏജന്റായി പ്രവർത്തിക്കുന്ന ശശി തരൂരിനെഇ ൗ തിരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തണമെന്ന് പ്ലാച്ചിമട സമരസമിതി അഭ്യർത്ഥിച്ചിട്ടുണ്ട്. മറ്റ് സ്ഥാനാർത്ഥികൾക്ക് അവരവരുടെ വിവേചനാധികാരം ഉപയോഗിച്ച് വോട്ട് ചെയ്യാനാണ് തീരുമാനം.

## ചെങ്ങറ

സമരത്തോട് ഇടതുപക്ഷ് സ്വീകരിച്ച നിഷേധാത്മക നിലപാടിനോട് പ്രതിഷേധിച്ചുകൊണ്ട് ഇത്തവണ യു.ഡി. എഫിനെഉപാധികളില്ലാതെ പിന്തുണയ്ക്കാനാണ് ചെങ്ങറ സമരക്കാരുടെ തീരുമാനം. എൽ.ഡി.എഫിനോടുള്ള വിരോധം മാത്രമാണ് യു.ഡി.എഫിന് വോട്ടുചെയ്യാൻ തങ്ങളെ പ്രേരിപ്പിച്ചതെന്ന് സമരസമിതി നേതാവ് ളാഹ ഗോപാലൻ വ്യക്തമാക്കി. സാധു ജന വിമോചനസംയുക്തവേദിയുടെ കണക്ക് പ്രകാരം ചെങ്ങറ തോട്ടത്തിലുള്ളവരുടെയും ഇവരുടെ ബന്ധുക്കളുടേതും കൂട്ടി 35,000 വോട്ടാണ് ചെങ്ങറ സമരക്കാർക്കുള്ളത്.

## മുരിയാട്

നെൽകൃഷി സംരക്ഷിക്കുന്നതിനായി 2007ൽ തൃശ്ശൂർ ജില്ലയിലെ മുരിയാട് ആരംഭിച്ച കർഷകസമരം സർക്കാർ നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെടാത്തതിനാൽ ഇപ്പോഴും തുടരുകയാണ്. ഏക്കർകണക്കിന് വെള്ളം കയറിക്കിടക്കുന്ന പാടങ്ങൾ കൃഷിയോഗ്യമാക്കണമെന്നും മണ്ണ് ഖനനം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നടക്കുന്ന സമരം മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെ നിലപാടില്ലായ്മയൊടും വഞ്ചനകളോടും പ്രതികരിച്ചുകൊണ്ട് സ്വന്തം സ്ഥാനാർത്ഥിയെ നിർത്തിയാണ് ഈ ഇലക്ഷനെ അഭിമുഖീകരിക്കുന്നത്. മുരിയാടെ ുരമ്പരാഗത കർഷകനായ കുഞ്ഞൻ പുലയന്റെ സ്ഥാനാർത്ഥിത്തം മുരിയാട് സമരത്തിന്റെ തിരഞ്ഞെടുപ്പിലെ രാഷ്ട്രീയ നിലപാട് എന്നതിനേക്കാളുപരി ജനകീയ സമരങ്ങളുടെ പക്ഷത്ത് നിന്നും ഇലക്ഷന് ഒരു പ്രതിനിധിയുണ്ടാകേണ്ടതുണ്ടെന്നും അത്തരം വിഷയങ്ങൾക്ക് തിരഞ്ഞെടുപ്പിൽ ശ്രദ്ധകിട്ടേണ്ടതുണ്ടെന്നുമുള്ളതിന്റെ ഭാഗമാണ്.

## മൂലമ്പിള്ളി

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ മൂലമ്പിള്ളിയി നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പുനഃരധിവാസ സൗകര്യങ്ങളൊരുക്കാൻ സർക്കാരിന് ഇനിയും സാധിച്ചിട്ടില്ല. തത്കാലിക മായുണ്ടാക്കിയ ടെന്റുകളിൽ സർക്കാർ പ്രഖ്യാപിച്ച മവലമ്പിള്ളി പാക്കേജ് പുനരധിവാസം യാഥാർത്ഥ്യമാകുന്നതും കാത്ത് ഇന്നും തീരാ ദുരിതത്തിൽ അവർ കഴിയുകയാണ്. മറ്റനേക് സാധ്യകകളുണ്ടായിരുന്നിട്ടു് വല്ലാർപാടത്തേക്കുള്ള റെയിൽ-റോഡ് പാതകളുടെ നിർമ്മാണത്തിനായി ദുർബലമായ ജനവിഭാഗങ്ങളെ പുനരധിവാസം സൗകര്യങ്ങളൊരുക്കാതെ പോലീസ് ബലപ്രയോഗത്താൽ കുടിയൊഴിപ്പിച്ചെതിനെതിരെ വലിയ പ്രതിഷേധ സമരങ്ങളും ജനവികാരവുമുണ്ടായി. എന്നിട്ടും വികസനത്തിന്റെ പേരിൽ ദുർബലരായ ജനവിഭാഗങ്ങളെ അവരുടെ ചുറ്റുപാടുകളിൽ നിന്നും തെരുവിലേക്ക് വലിച്ചെറിയുന്ന സർക്കാർ ധാർഷ്ട്യത്തിനെതിരെ മൂലമ്പിള്ളി സ്വദേശിയായ മേരി ഫ്രാൻസിസിനെമത്സരിപ്പിച്ചു കൊണ്ടാണ് ഈ തെരഞ്ഞെടുപ്പിനെഅവർ നെരിടുന്നത്. മൂലമ്പിള്ളിക്കാരുടെ മാത്രമല്ല തലതിരിഞ്ഞ വികസനകാഴ്ചപ്പാടുകളുടെ ഭാഗമായി എറണാകുളം ജില്ലയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന മുഴുവൻ ജനതയുടെയും പ്രതിനിധിയായാണ് മേരി ഫ്രാൻസീസ് മത്സരിക്കുന്നത്.

## മൂന്നാർ

കേരള രാഷ്ട്രീയത്തിൽ ഇനിയുമടങ്ങാത്ത വലിയ വിവാദങ്ങൾക്ക് തിരികൊളുത്തിയ മൂന്നാർ ഒരു ജനകീയ സമരമല്ലെങ്കിലു് ഭൂമിയുടെ പേരിലുള്ള അധികാര കേന്ദ്രീകരണം അവസാനിപ്പിക്കുന്നതിനായി സംസ്ഥാനത്തെമ്പാടും നടക്കുന്ന ഭൂസമരങ്ങൾക്ക് രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുന്നതിനും മുഖ്യാധാര രാഷ്ട്രീയ കക്ഷികൾക്കും പൊതു സമൂഹത്തിനും വിഭവമെന്ന നിലയിൽ ഭൂമിയുടെ ഉപയോഗത്തെകുറിച്ചും അതിനു മുകളിൽ നടക്കുന്ന കടന്നുകയറ്റങ്ങളെ കുറിച്ചുമുള്ള ഒരു പുനർചിന്തയ്ക്ക് വഴിയൊരുക്കുന്നതുയിരുന്നു. അതുകൊണ്ടു തന്നെ മൂന്നാർ ജനകീയ രാഷ്ട്രീയ പ്രശ്നമായാണ് ഈ തിരഞ്ഞെടുപ്പിൽ അവതരിപ്പിക്കപ്പെടുന്നത്. മൂന്നാറിൽ തുടങ്ങിയ കൈയ്യേറ്റങ്ങളൊഴിപ്പിക്കലും ഭൂരഹിതർക്കുള്ള പട്ടയ വിതരണവും മൂന്നാറിൽ തന്നെ അവസാനിച്ചത് രാഷ്ട്രീയപരമായി തന്നെ ഈ തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യാൻ ജനകീയ സമരപ്രവർത്തകർ തീരിമാനിച്ചിട്ടുണ്ട്.

## ചക്കുംകണ്ടം

ഗുരുവായൂർ ക്ഷേത്ര നഗരത്തിൽ നിന്നുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടുന്ന ചക്കുംകണ്ടം ഗ്രാമപ്രദേശത്തെ ജനങ്ങൾ അവരുന്നയിച്ച ആവശ്യങ്ങളൊന്നും അധികൃതർ പരിഗണിക്കാത്തതിനാൽ മാലിന്യങ്ങൾക്കിടയിലുള്ള തങ്ങളുടെ ജീവിതം തുടരുകയാണ്. ദുരിതമനുഭവിക്കുന്ന ആയിരത്തിലേറെ കുടുംബങ്ങൾക്ക് രാഷ്ട്രിയ കക്ഷികളിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. വോട്ടു ചെയ്യുന്നതിന് ആർക്കും താല്പര്യമില്ലാതെയായിരിക്കുന്നു. ദുരിതമനുഭവിക്കുന്ന ചക്കം കണ്ടത്തുകാരോട് രാഷ്ട്രീയ പാർട്ടികൾ പുലർത്തുന്ന അവഗനണയിൽ നിന്നും തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ രാഷ്ട്രിയ നേതൃത്വങ്ങൾക്ക് കഴിവില്ല എന്ന് തിരിച്ചറിഞ്ഞതായും ചക്കംകണ്ടത്തുക്കാര പറയുന്നു.

## എൻ.എച്ച്. 17,എൻ.എച്ച്. 47 സമരങ്ങൾ

എൻ.എച്ച്. 17, എൻ.എച്ച്. 47 ആറുവരി പാതയാക്കുന്നതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന റഎണാകുളം തൃശ്ശൂർ ജില്ലകളിലെ ജനങ്ങൾ തങ്ങളുടെ ജവിതം പെരുവഴിയിലാക്കിക്കൊണ്ട്. ബി.ഓ.ടി അടിസ്ഥാനത്തിൽ ദേശീയപാതകൾ സ്വകാര്യവത്കരിക്കുന്നതിനെതിരെ ശക്തമായ സമരത്തിലാണ്. കേന്ദ്ര - സംസ്ഥാനസർക്കാരുകളുടെ നിരന്തരമായ അവഗണനകളും റോഡ് വികസനത്തിന്റെ പ്രശ്നങ്ങളും ഉയർത്തിക്കാട്ടി പ്രക്ഷോഭം ശക്തിപ്പെടുത്തികൊണ്ടു ജനാധിപത്യ രീതിയിൽ തന്നെ തിരഞ്ഞെടുപ്പിനെ നേരിടാനാണ് സമരസമിതികളുടെ തീരുമാനം. ദിശാബോധമില്ലാത്ത വികസനകാഴ്ചപ്പാടുകളുടെയു് കോർപ്പറേറ്റുകൾക്ക് കൂട്ടുനിൽക്കുന്ന ഇച്ഛാശക്തിയില്ലാത്ത രാഷ്ട്രിയ നിലപാടുകളുടെയും ഫലമായി കേരളത്തിൽ ഉയർന്നു വന്ന ജനകീയ പരസ്ഥിതിക്ക് പ്രശ്നങ്ങളും പൊതു സമൂഹത്തിന്റെ ശക്തമായ സമരങ്ങളിലൂടെയും ചെറുത്ത് നിൽപ്പുകളിലൂടെയും സമൂഹിക നീതിയിലൂന്നിയ രാഷ്ട്രീയ ബോധം നൽകാൻ ശ്രമിച്ചുകൊണ്ട് നിലനിൽക്കുന്ന സംഭവങ്ങളുമാണിവ വലിയ പ്രാധാന്യത്തോടുകൂടിത്തന്നെ ഇവയും ചർച്ച ചെയ്യപ്പെടുന്നതായിരിക്കണം തീർച്ചയായും നമ്മുടെ തിരഞ്ഞെടുപ്പ് അജണ്ടകൾ.

- സൈലന്റ് വാലി/ പൂയംകുട്ടി/അതിരപ്പിള്ളി ജലവൈദ്യുത പദ്ധതികൾ
- മാവൂർ/ചാലിയാർ മലിനീകരണം
- ആണവ നിലയങ്ങൾ
- എൻസൊസൾഫാൻ
- നെടുമ്പാശ്ശേരി വിമാനത്താവള വികസനം/ഗോൾഫ് കോർട്ട്
- ഭാരതപ്പുഴയുടെ അതിജീവനം
- വെളിച്ചക്കാല കളിമൺഖനനം
- എക്സ്പ്രസ് ഹൈവേ
- സ്മാർട്ട് സിറ്റി/ഐ.ടി.വികസനം
- കഞ്ചിക്കോട് പെപ്സി കമ്പനി
- വിഴിഞ്ഞം തുറമുഖം കുടിയൊഴിപ്പിക്കൽ / തുറകുഖാനുബന്ധ വ്യവസായ മേഖല
- കഞ്ചിക്കോട് ഇരുമ്പുരുക്ക് ഫാക്ടറികളുടെ മലിനീകരണം
- കേരളത്തിലെമ്പാടും നടക്കുന്ന ഭൂസമരങ്ങൾ
- മത്സ്യമേഖലയിലെ പ്രശ്നങ്ങൾ/ തീരദേശ പരിപാലനവിജ്ഞാപനം / ടൂറിസത്തിന്റെ പേരിൽ തീരം കൈയ്യേറൽ
- ടൂറിസം വികസനത്തിന്റെ പ്രശ്നങ്ങൾ/ഉത്തരവാദിത്ത ടൂറിസം
- കൃഷി;- നെൽവയൽ നൽത്താബിൽ ജനിതകമാറ്റ് വരുത്തിയ ഭക്ഷ്യോത്പന്നങ്ങളുടെയും വിത്തുകളുടെയും ഉപയൊഗം എം.എസ്. സ്വാമിനാഥൻ പാക്കേജുകൾ വിത്തു കൈമാറ്റം.
- പ്രത്യേക സാമ്പത്തിക മേഖലകൾ
- വാട്ടർ തീം പാർക്കുകൾ
- എ.ഡി.ബി. വികസനം
- ബി.ഒ.ടി കരാറുകൾ
- ഭൂമി കൈയ്യേറ്റങ്ങൾ
- വനംനാശം
- കണ്ടൽ ചെടികളുടെ നശീകരണം എറണാകുളം വളകൊട്ട ശോഭ ഹൈടെക്സിറ്റി
- പാടം നികത്തൽ
- കുന്നിടിക്കൽ
- മലിനീകരണം/മാലിന്യസംസ്കരണത്തിലെ പരാജയപ്പെട്ട പദ്ധതികൾ